3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1785*(2)/2020*** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14843**/*എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ.ബിജി എസ്.ആനന്ദ്,
ബിജി ഭവൻ, മാർക്കറ്റിനു സമീപം,
മയ്യനാട് പി.ഒ., കൊല്ലം
പിൻ – 691 303. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   എ.എ.റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രി,
   കൊല്ലം.

2. അപ്പീൽ അധികാരി&
   സൂപ്രണ്ട്,
   ജില്ലാ ആശുപത്രി,
   കൊല്ലം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.08.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.12. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.12. 2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 14.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 04.07.2020ന് സ്വാബ് കളക്ഷൻ ഡ്യൂട്ടിക്കായി ഡോ.ബിജി എസ്. ആനന്ദിനെ പോസ്റ്റ് ചെയ്ത ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

2) ടി ഉത്തരവിന്റെ നമ്പറും തീയതിയും,

3) പ്രസ്തുത ഉത്തരവ് ഒപ്പുവച്ചതാരാണെന്നും

4) എന്നാണ് ടി ഉത്തരവ് ഡോ.ബിജി എസ്.ആനന്ദിന് നൽകിയതെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 29.07.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 25.08.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്,

1) ഒന്നാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ട രേഖ (04.07.2020നു ഡ്യൂട്ടി പോസ്റ്റു ചെയ്തുകൊണ്ടുള്ള ലിസ്റ്റ്) കത്തിനൊപ്പം ഉള്ളടക്കം ചെയ്യുന്നു വെന്നും

2) സാധാരണയായി ഡ്യൂട്ടി പോസ്റ്റിംഗ് ലിസ്റ്റ് സൂപ്രണ്ടിന്റെ ഒപ്പ് രേഖപ്പെ ടുത്തിയാണ് നൽകുന്നതെന്നും ഇത് നമ്പറും തീയതിയുമുള്ള പ്രൊസീഡിം ഗ്സിന്റെ രീതിയിൽ നമ്പർ വച്ച് നൽകാറില്ലെന്നും

3) നിലവിലെ കോവിഡ് സാഹചര്യത്തിൽ പല ഓർഡറുകളും നേരിട്ട് പേപ്പർ ആക്കി നൽകാറില്ലെന്നും സൂപ്രണ്ടിന്റെ മുറിയിലോ ഡോക്ടേഴ്സ് റൂമിലോ പ്രദർശിപ്പിക്കുകയോ ഡോക്ടേഴ്സിന്റെ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയുമാണ് ചെയ്യുന്നതെന്നും

4) 5–ാം നമ്പർ ചോദ്യത്തിന് മേൽപ്പറഞ്ഞ പ്രകാരം ഡ്യൂട്ടി പോസ്റ്റിംഗ് വിവരം ഡോക്ടർമാരെ അറിയിക്കുന്നതുകൊണ്ട് ഓഫീസ് അറ്റൻഡന്റുമാരെ ചുമതലപ്പെടുത്താറില്ലെന്നും

6–ാം നമ്പർ ചോദ്യത്തിന് ഡ്യൂട്ടി ലിസ്റ്റ് നേരിട്ട് നൽകാത്തതുകൊണ്ട് ഓർഡർ രജിസ്റ്റർ, ലോക്കൽ ഡെലിവറി ബുക്ക് എന്നിവ ഉപയോഗിക്കാറില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1–ാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട രേഖ നൽകണമെന്നും നൽകിയ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

കൂടാതെ കമ്മീഷന്റെ കത്ത് കൈപ്പറ്റാതെ നിരസിച്ച കൊല്ലം ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് പ്രസ്തുത നടപടി സംബന്ധിച്ച വിശദീകരണം സഹിതം 15.02.2023ന് കമ്മീഷനിൽ നേരിട്ടെത്തി സമർപ്പിക്കണമെന്നും നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION THIRUVANANTHAPURAM